# കേരള സർവകലാശാല

നം. പി.ആർ.080/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം/ബി.ബി.എ/ബി.സി.എ സി.ബി.സി.എസ്.എസ് കരിയർ റിലേറ്റഡ് പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി ഏപ്രിൽ 12 മുതൽ 22 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ പുനർമൂല്യനിർണ്ണയ വിഭാഗമായ ഇ.ജെ III സെക്ഷനിൽ ഹാജരാകണം.

### എം.എച്ച്.എ/പി.ജി.ഡി.എച്ച്.എച്ച്.എ സപ്ലിമെന്ററി പരീക്ഷ: അപേക്ഷ തീയതി നീട്ടി

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം രണ്ട് മുതൽ ആരംഭിക്കുന്ന ഒന്നാം വർഷ എം.എച്ച്.എ/പി.ജി.ഡി.എച്ച്.എച്ച്.എ സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി. പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 19 (50 രൂപ പിഴയോടെ ഏപ്രിൽ 21, 125 രൂപ സൂപ്പർ ഫൈനോട് കൂടി ഏപ്രിൽ 24) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ.അഫ്സൽ-ഉൽ-ഉലമ പരീക്ഷ മാറ്റി

കേരള സർവകലാശാല ഏപ്രിൽ 24-ന് നടത്താനിരുന്ന ബി.എ.അഫ്സൽ-ഉൽ-ഉലമ ആന്വൽ സ്കീം പേപ്പർ ഒന്ന് പരീക്ഷ മെയ് അഞ്ചിന് നടക്കും.

### സ്കൂൾ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന വേനൽക്കാല കായിക പരിശീലന ക്യാമ്പ് ഏപ്രിൽ 17 മുതൽ മെയ് 16 വരെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടത്തും. അത്‌ലറ്റിക്സിൽ ഉള്ള ഏതാനും ഒഴിവുകളിൽ രജിസ്ട്രേഷനുള്ള അപേക്ഷാ ഫോമുകൾ ജി.വി.രാജ പവലിയനിൽ പ്രവർത്തിക്കുന്ന സർവകലാശാല ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ലഭിക്കും. 12 മുതൽ 17 വരെ പ്രായമുള്ള കുട്ടികൾക്ക് പരിശീലനപരിപാടിയിൽ പങ്കെടുക്കാം. രാവിലെ 6.30 മുതൽ 8.30 വരെയാണ് പരിശീലനസമയം. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം നൽകുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471-2306485.

## പി.ജി. പ്രവേശനം

കേരള സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേക്ക് പി.ജി. അഡ്മിഷന് വേണ്ടിയുള്ള പ്രവേശനപരീക്ഷക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) ലഭിക്കും.

## ബി.എച്ച്.എം പുനർമൂല്യനിർണ്ണയം: തീയതി നീട്ടി

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) സപ്ലിമെന്ററി (2006 & 2011 സ്കീം) പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാനുള്ള തീയതി ഏപ്രിൽ 29 വരെ നീട്ടി.

## എൽ.എൽ.എം. ഫലം

കേരള സർവകലാശാല 2016 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എൽ ഫലം

കേരള സർവകലാശാല 2016 സെപ്തംബറിൽ നടത്തിയ ആറാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി ഏപ്രിൽ 27.

## എൻ.ജി.എസ് ഡേറ്റാ അനാലിസിസ്

കേരള സർവകലാശാലയിലെ ബയോ ഇൻഫർമാറ്റിക്സ് വകുപ്പ് മെയ് എട്ട് മുതൽ 13 വരെ എൻ.ജി.എസ് ഡേറ്റാ അനാലിസിസ് പരിപാടി നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 28-ന് മുമ്പായി ngstraining2017@gmail.com എന്ന ഇ മെയിലിൽ ബന്ധപ്പെടണം.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല നടത്തുന്ന എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) റഗുലർ പരീക്ഷയ്ക്ക് ഓൺലൈനായി പിഴകൂടാതെ ഏപ്രിൽ 17 (50 രൂപ പിഴയോടെ ഏപ്രിൽ 19, 125 രൂപ പിഴയോടെ ഏപ്രിൽ 21) വരെ ഫീസടച്ച് അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ്മെന്റ് ആയി പ്രസ്തുത പരീക്ഷ എഴുതുന്നവർ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
11.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**